# ജി എൽ പി എസ് പെങ്ങാമുക്ക്





## അക്കാദമിക മാസ്റ്റർ പ്ലാൻ
## 2025 -2026

# ഉള്ളടക്കം


- ജനറൽ ഇൻഫർമേഷൻ
- ആമുഖം
- ലക്ഷ്യം
- വിദ്യാലയ മികവ് കാഴ്ചപ്പാട്
- പദ്ധതി രൂപീകരണ ഘട്ടങ്ങൾ
- അവസ്ഥാ വിശകലനം
- നേട്ടങ്ങൾ വെല്ലുവിളികൾ
- മികവിന്ആയിഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ
- പദ്ധതി വിശദാംശം
- സ്കൂൾ പ്ലാൻ
- സമൂഹ പങ്കാളിത്തം
- സമഗ്രഗുണമേന്മ വിദ്യാഭ്യാസ പദ്ധതി

ജനറൽ ഇൻഫർമേഷൻ

ിദ്യാലയത്തിലെ പേര് : ജി എൽ പി എസ് പെങ്ങാമുക്ക്
സ്കൂൾ സ്ഥാപിച്ച വർഷം : 1909
പജില്ല : കുന്നംകുളം
ിദ്യാഭ്യാസ ജില്ല : ചാവക്കാട്
ബിആർസി : ചൊവ്വന്നൂർ
സി ആർ സി : ജി എൽ പി എസ് പെങ്ങാമുക്ക്
പഞ്ചായത്ത് : കാട്ടകാമ്പാൽ
ബ്ലോക്ക് പഞ്ചായത്ത് : ചൊവ്വന്നൂർ
നിയോജകമണ്ഡലം : കുന്നംകുളം
ജില്ല : തൃശ്ശൂർ
പ്രധാനധ്യാപിക : സി ജി സിൽവി
ഫോൺ നമ്പർ : 04885277787 ,9747882077

## ജീവനക്കാർ

| HM | LPSA | PTCM | PRE PRIMARY TEACHER | AYAH |
|---|---|---|---|---|
| 1 | 3 | 1 | 1 | 1 |

# സ്റ്റാഫ്

## അധ്യാപകർ

1.സി ജി സിൽവി

2.പ്രീതി യു എസ്

3.ഓമന കെവി

4.അന്ന ആന്റണി

## PTCM

1.P K ചന്ദ്രമതി

## PRE PRIMARY TEACHER

1.രാജി T S

## PRE PRIMARY AYAH

1.ബ്ലസി P V

## വിദ്യാർഥികളുടെ എണ്ണം 2025-26

| CLASS | TOTAL STRENGTH | | | SC | | | OBC | | | OTHERS | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | B | G | T | B | G | T | B | G | T | B | G | T |
| PRE PRIMARY | 7 | 8 | 15 | 1 | 4 | 5 | 4 | 3 | 7 | 2 | 1 | 3 |
| 1 | 5 | 6 | 11 | 0 | 4 | 4 | 4 | 2 | 6 | 1 | 0 | 1 |
| 2 | 4 | 3 | 7 | 1 | 1 | 2 | 3 | 1 | 4 | 0 | 1 | 1 |
| 3 | 6 | 5 | 11 | 3 | 2 | 5 | 2 | 3 | 5 | 1 | 0 | 1 |
| 4 | 4 | 6 | 10 | 0 | 0 | 0 | 4 | 6 | 10 | 0 | 0 | 0 |
| TOTAL | 26 | 28 | 54 | 5 | 11 | 16 | 17 | 15 | 32 | 4 | 2 | 5 |

## ആമുഖം

കാട്ടകാമ്പാൽ പഞ്ചായത്തിൽ പന്ത്രണ്ടാം വാർഡിൽ ഉൾപ്പെടുന്ന പെങ്ങാമുക്ക് ദേശത്ത് സ്ഥിതിചെയ്യുന്ന സർക്കാർ വിദ്യാലയമാണ് ജി എൽ പി എസ് പെങ്ങാമുക്ക്.1909 ലാണ് ഈ വിദ്യാലയം സ്ഥാപിതമായത്. ഈ പഞ്ചായത്തിലെ ഒരേയൊരു ഗവൺമെൻറ് എൽ പി സ്കൂൾ ആണിത്.

## വിദ്യാലയ ചരിത്രം

1909 ൽ കന്നംകളത്തെ പനയ്ക്കൽ പാത്തപ്പൻ ഒരു പ്രാഥമിക വിദ്യാലയം സ്ഥാപിച്ചു. അത് യാക്കോബായ പള്ളി സ്കൂൾ എന്ന പേരിൽ അറിയപ്പെട്ടു. പെ ങ്ങാമുക്കിലെ പുത്തൂർ ഉക്രു കുട്ടി മറ്റൊരു പള്ളിക്കൂടവും സ്ഥാപിച്ചു. കുട്ടികളെ ചേർക്കുന്നതിനും മറ്റും മാനേജ്മെന്റ് ഇടപെടുകയും പിന്നീട് മാനേജ്മെന്റുകളുടെ സമ്മതത്തോടുകൂടി രണ്ട് വിദ്യാലയവും ഗവൺമെന്റിലേക്ക് ഏറ്റെടുക്കുകയും ചെയ്തു. ഒരു ആൺ പള്ളിക്കൂടവും മറ്റൊന്ന് പെൺപള്ളിക്കൂടവും ആയി ഗവൺമെന്റ് നടത്തിവരികയും ചെയ്തു.വർഷങ്ങൾക്കുശേഷം രണ്ടു വിദ്യാലയങ്ങളും തമ്മിൽ സംയോജിപ്പിച്ച് മലയാളം പാഠശാല എന്ന പേരിൽ ഒരു പ്രാഥമിക വിദ്യാലയം പ്രവർത്തിച്ചു തുടങ്ങി. സ്കൂൾ കെട്ടിടത്തിന് കേടുപാടുകൾ സംഭവിച്ചപ്പോൾ പ്രദേശത്തെ കുട്ടികളുടെ വിദ്യാഭ്യാസത്തിന് തടസ്സം വരരുത് എന്ന് കരുതി പ്രൈവറ്റ് ഹൈസ്കൂൾ മാനേജ്മെന്റ് ഈ വിദ്യാലയം കൂടി തങ്ങളുടെ കെട്ടിടത്തിൽ നടത്തുന്നതിനെ സമ്മതം നൽകി. 1963 ഒക്ടോബർ 10 മുതൽ സ്ഥലത്തെ ഹൈസ്കൂളിൽ ഈ വിദ്യാലയം ഷിഫ്റ്റ് സമ്പ്രദായത്തിൽ നടത്തപ്പെട്ടു 1967 ഡിസംബർ 15 ന് 7 മുറികളുള്ള ഒരു പെർമനന്റ് കെട്ടിടം സ്വന്തം ആയതോടെ പെങ്ങാമുക്ക് ഗവൺമെന്റ് എൽ പി സ്കൂൾ നിലവിൽ വന്നു. ഈ പ്രദേശത്തുള്ള എല്ലാ വിഭാഗം ജനങ്ങളും പ്രാഥമിക വിദ്യാഭ്യാസത്തിനായി ഈ വിദ്യാലയം ആണ് ആശ്രയിച്ചിരുന്നത്.

പൗര ബോധമുള്ള സമൂഹത്തെ വാർത്തെടുക്കാൻ ശരിയായ വിദ്യാഭ്യാസത്തിലൂടെ ശരിയായ ഒരു സംസ്കാരം തലമുറയിൽ സൃഷ്ടിക്കേണ്ടതുണ്ട് ഈ ലക്ഷ്യത്തോടെ പെങ്ങാമുക്ക്

പ്രദേശത്തെയും കാട്ടകാമ്പാൽ പഞ്ചായത്തിലെയും അക്കാദമിക ചരിത്രത്തിൽ വിസ്മരിക്കാനാവാത്ത ഒട്ടേറെ സംഭാവനകൾ നൽകിയ ജിഎൽപിഎസ് പെങ്ങാമുക്ക് അതിന്റെ പുരോഗതി ലക്ഷ്യമാക്കിയുള്ള മാസ്റ്റർ പ്ലാൻ സമർപ്പിക്കുന്നു.

## ലക്ഷ്യം

പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങൾ ആക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ പ്രഖ്യാപിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം നടപ്പിലാക്കുന്നതിന്റെ ഭാഗമായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുമ്പോൾ വിദ്യാലയത്തിലെ മികവ് പ്രധാനമായും അക്കാദമികമായി കണ്ടു കൊണ്ട് അതിനു അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കേണ്ടതുണ്ട്.

എല്ലാ കുട്ടികളുടെയും പൊതുവായ കഴിവും ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവും പരിമിതികളും തിരിച്ചറിഞ്ഞ് മാനസികവും ബുദ്ധിപരവുമായ കഴിവുകളും വികസിപ്പിച്ച ഓരോ കുട്ടിയുടെയും ക്ലാസിന് അനുസരിച്ചുള്ള അക്കാദമികവും കായികവും സർഗ്ഗാത്മകവുമായ വളർച്ച നേടുകയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ കൊണ്ട് ലക്ഷ്യമിടുന്നത്.

എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് ഭാഷകൾ വായിക്കുന്നതിനും എഴുതുന്നതിനും സംസാരിക്കുന്നതിനുള്ള കഴിവുകൾ നേടുക, ചതുഷ്ക്രിയകൾ ഉറപ്പാക്കുക, ശാസ്ത്ര പഠനം പരിസ്ഥിതിയുമായി ബന്ധിപ്പിച്ച വിവരസാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി കൂടുതൽ കാര്യക്ഷമമാക്കുക, ആരോഗ്യ വിദ്യാഭ്യാസം, കലാകായിക മികവ്, തുടർ പരിശീലനങ്ങൾ എന്നിങ്ങനെ മികച്ച പഠനം ഉറപ്പാക്കിക്കൊണ്ട് സാമൂഹിക പങ്കാളിത്തം ഉറപ്പുവരുത്തി വിദ്യാലയത്തെ മികവുറ്റതാക്കുക എന്നതാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാനിന്റെ പൊതുവായ ലക്ഷ്യം.

## വിദ്യാലയം മികവിന്റെ കേന്ദ്രം : കാഴ്ചപ്പാട്

അക്കാദമികവും ഭൗതികവുമായ മേഖലകളിൽ ഇതുവരെ കൈവരിച്ച മികവുകൾ നിലനിർത്തുകയും വ്യാപിപ്പിക്കുകയും ചെയ്യുന്നതോടൊപ്പം പോരായ്മകൾ പരിഹരിക്കാനും പ്രാദേശിക സമൂഹത്തിന്റെ പൊതു ഇടമായി വിദ്യാലയത്തെ ഉയർത്താനും പര്യാപ്തമായ

തരത്തിൽ വിദ്യാലയത്തിലെ ഭൗതിക അക്കാദമിക സൗകര്യങ്ങൾ ഇനിയും മെച്ചപ്പെടുത്തേണ്ടതുണ്ട്. സ്റ്റാർ സ് മോഡൽ പ്രീപ്രൈമറിയുടെ ഭാഗമായി വിദ്യാലയത്തിലെ ഭൗതിക അന്തരീക്ഷം മെച്ചപ്പെടുത്തുകയും ശിശു സൗഹൃദം ആക്കുകയും ചെയ്തിട്ടുണ്ട്. മാറിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിലും മാറ്റങ്ങൾ ഉൾക്കൊണ്ട് വിവരസാങ്കേതികവിദ്യ സാധ്യതകൾ പ്രയോജനപ്പെടുത്തി പഠ നം രസകരവും ആകർഷണീയവും ആക്കുക, ഇംഗ്ലീഷ് മലയാളം ഭാഷകൾ അനായാസം കൈകാര്യം ചെയ്യുന്നതിനും, സ്വതന്ത്ര രചനകളിൽ ഏർപ്പെടുന്നതിനും ഗണിത ശേഷി വികസിപ്പിക്കുന്നതിനും പരിസ്ഥിതി പഠനം രസകരമാക്കുന്നതിനും ഐസിടി സഹായത്തോടെ ഒരു പുതിയ ക്ലാസ് അന്തരീക്ഷം സൃഷ്ടിച്ചു കൊണ്ട് വിദ്യാലയം ഒരു ടാലന്റ് ലാബ് ആക്കിയും മുന്നോട്ടുപോകും. ഇതിനായി വിദ്യാലയ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് സർക്കാർ, എൽ എസ് ജി,പി ടി എ, എം പി ടി എ, എസ് എസ് ജി, ഒ എസ് എ എന്നിവരുടെ സഹകരണം അത്യാവശ്യമാണ്.

## പദ്ധതി രൂപീകരണ ഘട്ടങ്ങൾ

എസ് ആർ ജി കൂടി അക്കാദമിക മാസ്റ്റർ പ്ലാനിൽ മുൻഗണന കൊടുക്കേണ്ട മേഖലകൾ ചർച്ച ചെയ്തു വിഷയാടിസ്ഥാനത്തിലും ക്ലാസ് അടിസ്ഥാനത്തിലും പ്ലാൻ തയ്യാറാക്കാൻ തീരുമാനിച്ചു.ഓരോ വിഷയത്തിലുംനേടേണ്ട ലക്ഷ്യങ്ങൾ, പ്രവർത്തനങ്ങൾ, സമയപരിധി എന്നിവ ആസൂത്രണം ചെയ്തു. ക്രോഡീകരണം നടത്തി പിടിഎയിൽ അവതരിപ്പിച്ചു. കൂട്ടിച്ചേർക്കലുകൾ നടത്തി. സർഗാത്മക ഡയറി, സാങ്കൽപ്പിക ഡയറി, റീഡേഴ്സ് തിയേറ്റർ, സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം, പഠനോപകരണ നിർമ്മാണ ശില്പശാലകൾ, ഇംഗ്ലീഷ് ഫസ്റ്റ്, ശാസ്ത്രമേള, ഗണിത മേള തുടങ്ങിയ മേഖലകൾക്ക് ഊന്നൽ കൊടുക്കാൻ തീരുമാനിച്ചു. രക്ഷിതാക്കളെ ഉൾപ്പെടുത്തി പഠനോപകരണ നിർമ്മാണ ശില്പശാല എല്ലാ ക്ലാസുകളിലും നടത്താൻ തീരുമാനിച്ചു.പാട്ടു രങ്ങ്,കാവ്യോത്സവംതുടങ്ങിയ പുതിയ മേഖലകൾക്ക് ഊന്നൽ നൽകി.

## അവസ്ഥാ വിശകലനം

ഭൗതികമായി മുൻപന്തിയിൽ തന്നെ നിൽക്കുന്ന വിദ്യാലയം ആണിത്. സുസജ്ജമായ ഓഫീസ് റൂം, എല്ലാ ക്ലാസ് റൂമുകളിലും ടിവി ആവശ്യമായ ലാപ്ടോപ്പുകൾ, പ്രൊജക്ടറുകൾ, ടൈൽ വിരിച്ച വൃത്തിയുള്ള ക്ലാസ് റൂമുകളും മുറ്റവും, കാര്യക്ഷമമായ അടുക്കള, ഡൈനിങ് ഹാൾ, റീഡിങ് റൂം, മോഡൽ പ്രീപ്രൈമറി ക്ലാസ് റൂമുകൾ, ജൈവവൈവിധ്യ ഉദ്യാനം, കളിസ്ഥലം, ആധുനിക ഇരിപ്പിടങ്ങൾ, കുടിവെള്ളം എന്നീ സൗകര്യങ്ങളെല്ലാം നമുക്കുണ്ട്. എന്നിരുന്നാലും കാലത്തിന്റെ അനിവാര്യതയായ മികച്ച ഒരു ബിൽഡിംഗ് ജി എൽ പി എസ് പെങ്ങാമുക്കിലെ കുട്ടികളും രക്ഷിതാക്കളും അധ്യാപകരും മറ്റു സഹൃദയരും ഒരുപോലെ സ്വപ്നം കാണുന്നു.

## അഭിമുഖീകരിക്കുന്ന പ്രധാന പ്രതിസന്ധി

പ്രദേശത്തെ ഭൂരിഭാഗം ആളുകളും കൃഷിയെയും കച്ചവടത്തെയും ആശ്രയിച്ചു കഴിയുന്ന, ഇടത്തരം സാമ്പത്തിക അവസ്ഥയിലുള്ള സാധാരണക്കാരാണ്. എന്നിരുന്നാലും തങ്ങളുടെ കുട്ടികൾക്ക് ഇംഗ്ലീഷ് വിദ്യാഭ്യാസം നൽകണമെന്നും കുട്ടികൾ ഏറ്റവും മികച്ച ഭൗതികാന്തരീക്ഷത്തിൽ പഠിക്കണമെന്നും ആഗ്രഹിക്കുന്നവരാണ്. അതിനാൽ അവർ പരിസരപ്രദേശങ്ങളിൽ ഉള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്ക് കുട്ടികളെ പറഞ്ഞയക്കുന്നു. മികച്ച പഠനാന്തരീക്ഷത്തിലും മികവുറ്റ ഭൗതിക സാഹചര്യങ്ങളിലും ഏറ്റവും അനുകൂലമായ ഈ വിദ്യാലയം കുട്ടികളുടെ കുറവു നിമിത്തം വെല്ലുവിളി നേരിടുകയാണ്.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തങ്ങൾ

1. ഭാഷാ ശേഷി വികസനം- റീഡേഴ്സ് തിയേറ്റർ, പാട്ടരങ്ങ്, കാവ്യോത്സവം, സാങ്കല്പിക ഡയറി, സർഗാത്മകഡയറി, മലയാള ത്തിളക്കം ,ക്ലാസ്സ് ഒരു വായനക്കൂട്,രചനപരിചയക്കുറിപ്പ് തയ്യാറാക്കൽ
2. ഗണിത ശേഷി വികസനം-ഗണിത വിജയം, മധുരം ഗണിതം
3. ഇംഗ്ലീഷ് ഭാഷ പരിപോഷണം -ഹലോ ഇംഗ്ലീഷ്,ഇംഗ്ലീഷ് അസംബ്ലി,ഇംഗ്ലീഷ് ഫെസ്റ്റ്
4. ശാസ്ത്ര പോഷണ പരിപാടി
5. വായന പരിപോഷണം
6. ലൈബ്രറി ശാക്തീകരണം- ക്ലാസ് ലൈബ്രറികൾ
7. സാഹിത്യ പോഷണ പരിപാടികൾ
8. പഠനയാത്രകൾ
9. കലാകായിക പരിശീലനം
10. ഐടി പരിശീലനം
11. കോർണർ പിടിഎ
12. പ്രവൃത്തി പരിചയ പഠനം
13. എസ് ആർ ജി ശാക്തീകരണം
14. അഭിമുഖങ്ങൾ
15. പോഷകാഹാര പരിപാടികൾ
16. ഗണിത ലാബ്
17. ശാസ്ത്ര ലാബ്
18. ഭാഷ ലാബ്
19. ടെം മൂല്യനിർണയം
20. നിരന്തര മൂല്യനിർണയം
21. ദിനാചരണങ്ങൾ

# G.L.P.S. PENGAMUCK

## അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 - 2026

### ക്ലാസ് — I

മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

ഓരോ കുട്ടിയുടെയും സമഗ്രവികസനമാണ് അക്കാദമികവും അക്കാദമികേതരവുമായ വിവിധ പ്രവർത്തനങ്ങളിലൂടെ അധ്യാപകരും രക്ഷിതാക്കളും സ്കൂളിനോടു ചേർന്നു നിൽക്കുന്ന എല്ലാ സംഘടനകളും ലക്ഷ്യം വയ്ക്കുന്നത്. കുട്ടികളെ വൈജ്ഞാനിക തലത്തിലും പ്രായോഗിക തലത്തിലും മികച്ചവരാക്കുക എന്നതിനൊപ്പം അവരുടെ സാമൂഹികവും സർഗാത്മകവുമായ ഉന്നതികൂടി ഈ പ്രവർത്തനങ്ങൾ ലക്ഷ്യം വക്കുന്നു. 2025 - 2026 അക്കാദമിക വർഷത്തിൽ നടപ്പിലാക്കുന്നതും തുടർപ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

സംഗീതം
ലക്ഷ്യങ്ങൾ:-

* കുട്ടികളുടെ ചിന്തകൾ, വികാരങ്ങൾ, ഭാവനകൾ എന്നിവ മറ്റുള്ളവർക്ക് മനസ്സിലാകും വിധം ആത്മവിശ്വാസത്തോടെ പ്രകടിപ്പിക്കുന്നതിനുള്ള കഴിവ്
* തന്നും മറ്റും മനസ്സിലാക്കിയ സംഭവങ്ങൾ, വിവരങ്ങൾ, കഥകൾ എന്നിവ ആശയച്ചോർച്ച ഇല്ലാതെ മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നതിനുള്ള കഴിവ്.
* കേൾക്കുന്നതിനും പറയുന്നതിനും ~~...~~ കേൾവിയിലൂടെ സ്വാംശീകരിച്ച ആശയങ്ങളെ വിവിധ തലത്തിലൂടെ ആവിഷ്കരിക്കുന്നതിനുള്ള കഴിവ്.
* കഥാചിത്രങ്ങൾ, സാഹിത്യകൃതികൾ എന്നിവ പരിചയപ്പെടുന്നു.
* സ്വതന്ത്രവായനക്കും ഭാവാത്മകവായനക്കുമുള്ള കഴിവ് നേടുന്നു.
* ഈണം, താളം, ഭാവം, ആശയം എന്നിവ പരിഗണിച്ച് പാരാ-



ണത്തിലൂടെയും സമകാലികമായും ഭാവാത്മകമായി അവതരിപ്പിക്കുന്നതിനും കൂടുതൽ വരികൾ കൂട്ടിച്ചേർക്കുന്നതിനുള്ള കഴിവ് നേടുന്നു.

* സർഗാത്മക ചിന്ത വളർത്തി സ്വന്തം രചനയിലൂടെ സ്വന്തം ആശയങ്ങൾ അവതരിപ്പിക്കുന്നതിനുള്ള കഴിവ് നേടുന്നു.
*

| പ്രവർത്തനങ്ങൾ | പ്രതീക്ഷിത കാലയളവ് | ചുമതല |
|---|---|---|
| * ഒന്നൊരുക്കം (വിദ്യാപ്രവേശ്) | ആദ്യത്തെ 10 പ്രവൃത്തിദിനങ്ങൾ | ക്ലാസ് ടീച്ചർ |
| * ടീച്ചറുടെ നിർദ്ദേശമനുസരിച്ച് കുട്ടികൾ അഭിനയിച്ചു കാണിക്കുന്നു. (ഒരു രംഗത്ത് കൂടിയാണ് നടക്കുന്നു) | ജൂൺ | ക്ലാസ് ടീച്ചർ |
| * വ്യത്യസ്ത ഭാവത്തിലും താളത്തിലും ശബ്ദവ്യത്യാസത്തിലും ടീച്ചർ പാടുന്നു. അതേ ഭാവത്തിലും ശബ്ദവ്യത്യാസത്തിലും കുട്ടികൾ ഏറ്റുപാടുന്നു | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ |
| * ശരീരത്തിലെ പരമാവധി പേശികൾ പ്രയോജനപ്പെടുത്തുന്ന രീതിയിൽ വിവിധ നിർമ്മാണ പ്രവർ- | | |

| പ്രവർത്തനങ്ങൾ | പ്രതീക്ഷിത കാലയളവ് | ചുമതല |
| --- | --- | --- |
| ഗണങ്ങളിൽ (AI) ഏർപ്പെടുന്നു. | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ HM |
| * കഥകൾ കേട്ട് സചിത്രപ്രതികരണങ്ങൾ നടത്തുന്നു | ജൂൺ | ക്ലാസ് ടീച്ചർ |
| * കേട്ട കഥകളിലെ കഥാപാത്രങ്ങൾ, ഇഷ്ടസന്ദർഭങ്ങൾ, ആശയം എന്നിവ തന്റേതായ രീതിയിൽ ക്ലാസിൽ അവതരിപ്പിക്കുന്നു. | ജൂലായ് ഒക്ടോബർ | ക്ലാസ് ടീച്ചർ |
| * നൽകിയിരിക്കുന്ന ചിത്രങ്ങൾ അനുസ്പദമാക്കി ലഘുവായ ചിത്രകഥകൾ എഴുതുന്നു. | നവംബർ - ഡിസംബർ | ക്ലാസ് ടീച്ചർ |
| * കഥാചിത്രങ്ങൾ, ബാലസാഹിത്യകൃതികൾ എന്നിവ അമ്മയുടെയും അധ്യാപികയുടെയും സഹായത്തോടെ കുട്ടികളെ പരിചയപ്പെടുത്തുന്നു. | സെപ്തംബർ | അമ്മ, ക്ലാസ്ടീച്ചർ, HM |
| * താൻ പരിചയപ്പെട്ടതും വായിച്ചതുമായ കഥകൾ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കുന്നു. | നവംബർ | ക്ലാസ്ടീച്ചർ |



| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
| --- | --- | --- |
| * ഒറ്റയ്ക്കും സംഘം ചേർന്നും പാട്ടുകൾ താളാത്മകമായി ക്ലാസിലും അസംബ്ലിയിലും അവതരിപ്പിക്കുന്നു | വർഷം മുഴുവൻ | അധ്യാപിക |
| * പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തിയും സംയുക്ത ഡയറിയുമായി ബന്ധപ്പെടുത്തിയും സാങ്കല്പികമായി ഡയറി എഴുതുന്നു. | ജനുവരി മുതൽ മാർച്ച് വരെ | ക്ലാസ്ടീച്ചർ, രക്ഷിതാക്കൾ. |
| * കുട്ടികൾ എഴുതിയ കഥകളും കുട്ടിപ്പാട്ടുകളും ചേർത്ത് പതിപ്പ് പ്രകാശനം ചെയ്യുന്നു | ഫെബ്രുവരി | HM അധ്യാപിക. |
| * സംഭാഷണശകലങ്ങൾ പൂർത്തീകരിച്ച് എഴുതുന്നു. അഭിനയിച്ചു കാണിക്കുന്നു. | വർഷം മുഴുവൻ | അധ്യാപിക. |
| * പാഠഭാഗങ്ങളെ റോൾപ്ലേയിലൂടെ അവതരിപ്പിക്കുന്നു. | വർഷം മുഴുവൻ | അധ്യാപിക. |
| + ചിത്രകാർഡുകൾ, ഡയറികൾ, നിർമ്മാണശില്പശാല, ഡിജിറ്റൽ സാധ്യതകളിലൂടെ കഥ കാണാനും കേൾക്കാനും | ആഗസ്റ്റ് മുതൽ മാർച്ച് വരെ | അധ്യാപിക |

| | | |
|---|---|---|
| പഠന രംഗത്തിനുമുള്ള സാധ്യതകൾ ലഭ്യമാകുന്നു. | | |
| * കുട്ടിക്കൂട്ടങ്ങൾ പാഠ്യപാഠ്യേതരങ്ങളായ ചിത്രകഥകൾ നിർമ്മിക്കുന്നു. | ഒക്ടോബർ | അധ്യാപിക |
| * ചിത്രങ്ങൾ അനുസരിച്ച് കുട്ടികൾ നിർമ്മിക്കുന്ന കഥകൾ നവമാധ്യമങ്ങളിൽ പങ്കിടുന്നു. | നവംബർ മുതൽ മാർച്ച് വരെ | അതാത് ക്ലാസ് ടീച്ചർ HM |
| * വായിച്ച കഥകളിലെ കഥാപാത്രങ്ങളുമായി സങ്കല്പിച്ച് ഡയറി എഴുതുന്നു. | നവംബർ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ അതാത് |
| * തന്നിരിക്കുന്ന വരികളിലെ ഈണം, താളം എന്നിവക്കനുസരിച്ച് കൂടുതൽ വരികൾ കൂട്ടിച്ചേർക്കുന്നു. നവമാധ്യമങ്ങളിലൂടെ സമൂഹത്തിന് പരിചയപ്പെടുത്തുന്നു. | ഡിസംബർ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ HM ക്ക് അധ്യാപകർ |
| * സർഗാത്മക കവിതകളെ പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുന്നു. | ഫെബ്രുവരി | ക്ലാസ് ടീച്ചർ HM |



പരിസരപഠനം:-

ലക്ഷ്യങ്ങൾ

* പ്രകൃതിയെ കൂടുതൽ നിരീക്ഷിച്ചറിയുന്നു. ശാസ്ത്രബോധം കുട്ടികളിൽ വളർത്തുന്നു.
* നിരീക്ഷണം, പരീക്ഷണം, തരംതിരിക്കൽ, താരതമ്യപഠനം എന്നീ പ്രക്രിയാശേഷികളുടെ വികസനം സാധ്യമാകുന്നു.
* പരിസ്ഥിതിയെ സ്നേഹിക്കുന്നതിനും മറ്റുള്ളവർക്കുകൂടി പ്രയോജനമാകുന്ന വിധത്തിൽ പരിസ്ഥിതി സംരക്ഷിക്കുന്നതിനും മുൻകൈ എടുക്കുന്നു.
* പരിസ്ഥിതിയുമായി ബന്ധിപ്പിച്ചുള്ള ശാസ്ത്രപഠനം സാധ്യമാകുന്നു.

| പ്രവർത്തനങ്ങൾ | പ്രതീക്ഷിത കാലയളവ് | ചുമതല |
|---|---|---|
| * കന്നാരുകം (വിദ്യാപ്രവേശ്)-ത്തിൽ പങ്കെടുക്കുന്ന ലക്ഷ്യപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. | ആദ്യത്തെ 10 ദിവസം | അധ്യാപിക |
| * പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തി ചുറ്റുപാടു-കളിലെ ഇലകളെ പൂക്കളെ നിരീക്ഷിച്ച് നിറത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിക്കുന്നു. | ജൂൺ മുതൽ ആഗസ്റ്റ് വരെ | അധ്യാപിക, മറ്റ് അധ്യാപകർ. |
| * ഒറ്റയ്ക്കും സംഘം ചേർന്നും ശാസ്ത്ര പരീക്ഷ-ണങ്ങളിൽ പങ്കെടുത്ത് നിരീക്ഷിച്ചവയുടെ കാര്യകാരണങ്ങൾ ചർച്ചചെയ്യുന്നു. പൊതു-ധാരണയിൽ എത്തിച്ചേരുന്നു. | വർഷം മുഴു-വൻ | അധ്യാപിക |
| * ശാസ്ത്രദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്ത-നങ്ങളിൽ പങ്കാളികളാകുന്നു. ശാസ്ത്രാഭിരുചി വളർത്തുന്നു. | വർഷം മുഴുവൻ | അധ്യാപിക H M മറ്റ് അധ്യാപ |



| പ്രവർത്തനങ്ങൾ | പ്രതീക്ഷിത കാലയളവ് | ചുമതല |
|---|---|---|
| * പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തി സ്വന്തം ചുറ്റുപാടുമായി കൂടുതൽ ഇടപഴകുന്ന പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നു. | വർഷം മുഴു-വൻ | അധ്യാപിക HM |
| * പരിസ്ഥിതി സംരക്ഷണത്തിന് ഉതകുന്ന പ്രവർത്തനങ്ങളിൽ (വൃക്ഷതൈ നടുന്നു, സംരക്ഷിക്കുന്നു., വെള്ളം പാഴാക്കാതെ ഉപയോഗിക്കുന്നു. etc) ഏർപ്പെട്ട് ശാസ്ത്ര മനോഭാവം വളർത്തുന്നു. | വർഷം മുഴുവൻ | അധ്യാപിക. |

ഗണിതം

ലക്ഷ്യങ്ങൾ:-

* ചുറ്റുപാടും നിരീക്ഷിച്ച് ചതുരം, വൃത്തം, ത്രികോണം എന്നി ആകൃതിയുള്ള വസ്തുക്കളെ തിരിച്ചറിയുന്നു. വിവിധ പാറ്റേണുകൾ പരിചയപ്പെടുത്തുന്നു.
* അകത്ത്, പുറത്ത്, മുകളിൽ, താഴെ എന്നി പദങ്ങൾ ഉപയോഗിച്ച് സ്ഥലപരമായ അവസ്ഥ നിരീക്ഷിച്ച് പറയാനുള്ള ശേഷി വികസിപ്പിക്കുന്നു.
* നീളം കൂടുതൽ, കുറവ്, ഭാരം കൂടിയത്, കുറഞ്ഞത്, ഉയരം കൂടിയത്, കുറഞ്ഞത് എന്നിങ്ങനെ വസ്തുക്കളെ താരതമ്യം ചെയ്യുന്നു.
* കൂട്ടങ്ങളെ പരസ്പരം താരതമ്യപ്പെടുത്തി തുല്യം, കൂടുതൽ, കുറവ് കണ്ടെത്തുന്നു. എണ്ണി തിട്ടപ്പെടുത്തി ഒരു കൂട്ടത്തിൽ എത്രയെന്ന് പറയുന്നു.



* 1 മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു. ഓരോ സംഖ്യയും ഗണിതഭാഷയിൽ എഴുതുന്നു.
* 9ൽ താഴെയുള്ള സംഖ്യകളുടെ വ്യാഖ്യാനം, ആരോഹണ- അവരോഹണ- ക്രമത്തിൽ എഴുതുന്നു.
* 100 വരെയുള്ള സംഖ്യകളെ പരിചയപ്പെടുത്തുന്നു ; എണ്ണി എഴുതുന്നു.
* രണ്ടക്ക സംഖ്യകളുടെ വ്യത്യസ്ത രീതിയിലുള്ള വ്യാഖ്യാനം.
* സംഖ്യാപാറ്റേണുകൾ, സംഖ്യാബന്ധങ്ങൾ എന്നിവയുടെ അടിസ്ഥാന ധാരണ രൂപീകരിക്കൽ.
* അടിസ്ഥാന ജ്യാമിതീയ രൂപങ്ങളെ മനസ്സിലാക്കുന്നു.
* അളവുകളുമായി ബന്ധപ്പെട്ട പ്രായോഗിക ധാരണ രൂപീകരിക്കുന്നു. ഉപമിച്ചു പറയുന്നതിനുള്ള കഴിവ് നേടുന്നു.
* ലളിതമായ പ്രായോഗികപ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|
| * പാഠഭാഗത്തിലെ ചിത്രവായന ഗണിതാശയങ്ങളുടെ അടിസ്ഥാനത്തിൽ നടത്തുന്നു. | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ |
| * ക്ലാസ് മുറിയിൽ ലഭ്യമായവയും ഗണിതകിറ്റിൽ ഉള്ളവയുമായ ജ്യാമിതീയ രൂപങ്ങൾ പരിചയപ്പെടുത്തുന്നു. | ജൂൺ - ജൂലൈ | അധ്യാപിക |
| * ഗണിതകിറ്റിലെയും നിത്യജീവിതവുമായി ബന്ധപ്പെട്ടതും ക്ലാസിൽ ലഭ്യമായതുമായ വസ്തുക്കളുടെ ഭാരം ഊഹിച്ചു പറയുന്നു. തുലാസിൽ നോക്കി താരതമ്യം ചെയ്യുന്നു. | ആഗസ്റ്റ് | അധ്യാപിക രക്ഷിതാവ്, മറ്റ് അധ്യാപകർ |
| * വിവിധ വസ്തുക്കളുടെ കൂട്ടങ്ങൾ എണ്ണിതിട്ടപ്പെടുത്തുന്നു. താരതമ്യം ചെയ്യുന്നു. | ജൂലൈ | അധ്യാപിക |
| * എണ്ണൽ സംഖ്യകൾ കൂട്ടങ്ങളുടെ സഹായത്തോടെ മനസ്സിലാക്കുന്നു. ഗണിതകേളികളിലൂടെ ആശയം ഉറപ്പിക്കുന്നു. | വർഷം മുഴുവൻ | അധ്യാപിക |



| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|
| * മഞ്ചാടി, ഈർക്കിൽ, കുന്നിക്കുരു എന്നിവയുടെ സഹായത്തോടെ എണ്ണൽ സംഖ്യകളുടെ ഗണിതാശയം ഉറപ്പിക്കുന്നു. | ജൂൺ മുതൽ സെപ്തംബർ വരെ | അധ്യാപിക |
| * ഗണിതകിറ്റിന്റെ സഹായത്തോടെ ഒറ്റ ഇരട്ട സംഖ്യകളുടെ വ്യാഖ്യാനം നടത്തുന്നു. | ജനുവരി-മാർച്ച് | അധ്യാപിക, HM, രക്ഷിതാക്കൾ, മറ്റ് അധ്യാപകർ |
| * വിവിധ സംഖ്യാപാറ്റേണുകൾ പരിചയപ്പെടുന്നു, പൂർത്തീകരിക്കുന്നു. | ജനുവരി | അധ്യാപിക |
| * പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ലളിതമായ പ്രായോഗിക പ്രശ്നങ്ങൾ കുറയ്ക്കലും കൂട്ടലും നിർധാരണം ചെയ്യുന്നു. | വർഷം മുഴുവൻ | അധ്യാപിക |
| * ഗണിതാശയങ്ങൾ വ്യക്തമാകുന്നതിന് ഉതകുന്ന കളികളിൽ ഏർപ്പെടുന്നു. | വർഷം മുഴുവൻ | അധ്യാപിക HM മറ്റ് അധ്യാപകർ |

English

Aims :-

* Comprehend and enjoy simple stories.
* Responds to the instructions of teacher and give answers accordingly.
* Read and write simple words and sentences.
* Enjoy simple rhymes and add more lines to them.
* ~~Engage~~ Engage in theatre games and language games following instructions.
* Use simple English while answering interactive questions.
* Describe the pictures in simple and meaningful sentences.
* Read and write simple words and sentences.
* Enjoy and comprehend simple stories.
* Know the relevant grammatical terms according to the chapter.
* Recite / sing songs or poems with proper rhythm and actions.

| Activities | Period | Incharge |
| --- | --- | --- |
| * Recite the poems rhythmically and with action | June - March | class teacher |
| * Listen to simple stories and try to express the theme and characters | August - March | Class teacher |
| * Engage in different word games and language games | June - March | class teach[er] HM, other tea[chers] |

| Activities | Period | Incharge |
|---|---|---|
| * Read and describe the picture orally and fill the sentences with simple words | June - March | Class Teacher & Parents |
| * Complete the grammar exercise given in workbook and enjoy the language as a fun | June to March | Class Teacher |
| * Participate in active interactions and reply in simple English | June to March | Class Teacher & Other teacher |
| * Engage in simple conversations. with the help of teacher. | August - March | Class Teacher & HM |
| * write short descriptions about the given topic | December to March | Class Teacher & Parents |

# അക്കാദമിക മാസ്റ്റർപ്ലാൻ

സ്കൂൾ :- GILPS PENGAMUCK.

ക്ലാസ് :- 2A

ക്ലാസ് ടീച്ചറുടെ പേര് :- സി. ജി. സിൽവി.

ഉപജില്ല :- കുന്നംകുളം.

ജില്ല :- തൃശൂർ.

## ഉള്ളടക്കം

1. ആമുഖം
2. പ്രവർത്തന കലണ്ടർ
3. മലയാളം മധുരം
4. സംയുക്ത ഡയറി - സ്വതന്ത്ര ഡയറി.
5. പാട്ടരങ്ങ്.
6. സചിത്ര പുസ്തകം

7. റീഡേഴ്സ് തിയേറ്റർ
8. നാട്ടുവിശേഷം കുട്ടിക്കൂട്ടത്ത്.
9. ക്ലാസ് പത്രം.
10. ചലനോത്സവം
11. വായനോത്സവം.
12. ഭാഷോത്സവം.
13. ഗണിത കേളികൾ
14. ഗണിത കിറ്റ്.
15. പരീക്ഷണങ്ങൾ
16. ലഘു പ്രോജക്ട്
17. പരീക്ഷണ കിറ്റ്.
18. രക്ഷിതാക്കൾക്ക് ശില്പശാല
19. വിജയ സ്പർശം.



## പ്രവർത്തന കലണ്ടർ

ക്രമനമ്പർ - പരിപാടികളുടെ പേര് - നിർവ്വഹണ കാലം

1. പ്രവർത്തന കലണ്ടർ - മെയ്
2. മലയാളം മധുരം - ജൂൺ മുതൽ മാർച്ച്.
3. സംയുക്ത ഡയറിക്കുറിപ്പ് - ജൂൺ മുതൽ മാർച്ച്.
4. പാട്ടരങ്ങ് ജൂൺ - മാർച്ച്.
5. ചിത്രപുസ്തകം - ജൂൺ - മാർച്ച്
6. റീഡേഴ്സ് തിയേറ്റർ - ജൂലൈ - മാർച്ച്.
7. നാട്ടുവിശേഷം കുട്ടിക്കൂട്ടത്ത് - ജൂലൈ - മാർച്ച്.
8. ക്ലാസ് പത്രം - ഓഗസ്റ്റ് മുതൽ ഫെബ്രുവരി വരെ മാസം ഒന്നുവീതം.
9. ചലനോത്സവം - ജൂലൈ മുതൽ ഫെബ്രുവരി.
10. വായനോത്സവം - ജൂൺ - മാർച്ച്.
11. ഭാഷോത്സവം - ജനുവരി.
12. ഗണിത കേളികൾ - ജൂൺ മുതൽ മാർച്ച്.
13. ഗണിത കിറ്റ് ജൂൺ - മാർച്ച്.

16. പരീക്ഷണ കിറ്റ് - ജൂൺ - മാർച്ച്
17. രക്ഷിതാക്കൾക്ക് ശില്പശാല - ജൂൺ.
18. വിജയ സ്പർശം - ജൂൺ - മാർച്ച്.

## 3. മലയാളം മധുരം.

### പ്രവർത്തന ലക്ഷ്യങ്ങൾ

ആത്മവിശ്വാസത്തോടെ സ്വതന്ത്രവായനക്ക് അവസരമൊരുക്കുന്നു.
സർഗശേഷി വികാസത്തിന് സാധ്യത ഒരുക്കുന്നു.
ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യത ഒരുക്കുന്നു.
ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
കുഞ്ഞു ചിത്രകഥകൾ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു.

പ്രവർത്തനഘട്ടങ്ങൾ.
എസ്. ആർ. ജിയിൽ അവലോകനം. ജൂൺ ആദ്യവാരം
കുട്ടിയും രക്ഷിതാവും ചേർന്ന വായന ആരംഭിക്കുന്നു. ജൂലൈ വായ-
നോത്സവം - ഓരോ മാസവും കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി
പുസ്തകം - ഓരോ മാസവും. പുസ്തക പ്രകാശനം - ജനുവരി.

### ചുമതലകൾ

ക്ലാസ് ടീച്ചർ
രക്ഷിതാവ്
സാമ്പത്തികം PTA, BRC (Rs: 3000)

## 4 സർഗ്ഗാത്മക ഡയറി

### ലക്ഷ്യ പ്രസ്താവനകൾ

സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.
സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു.
സ്വതന്ത്രരചന നടത്തുന്നതിന്.
ഭാഷാശേഷി വികസിപ്പിക്കുന്നതിന്.

പ്രവർത്തനഘട്ടങ്ങൾ
SRGയിൽ മികച്ച ഡയറിയുടെ അവതരണം. ജൂൺ ആദ്യവാരം.
CPTA യിൽ ഡയറി പരിചയപ്പെടുത്തൽ; രക്ഷിതാവിന്റെ പിന്തുണ
ഉറപ്പാക്കൽ - ജൂൺ രണ്ടാം വാരം.
എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു. ജൂലൈ

ടീച്ചർ ഡയറി പരിശോധിച്ച് വിലയിരുത്തുന്നു (അതത് മാസം)
കുട്ടികളുടെ ഡയറിക്കുറിപ്പുകൾ ക്ലാസിൽ പങ്കുവയ്ക്കുന്നു. (ജൂൺ - മാർച്ച്)
സംയുക്ത ഡയറി പുസ്തക രൂപത്തിൽ മാറ്റുന്നു. (ജനുവരി)
സംയുക്ത ഡയറി പ്രകാശനം (ജനുവരി) ചുമതല ക്ലാസ് ടീച്ചർ, രക്ഷിതാവ്.
സാമ്പത്തികം CPTA (RS:2000)

## 5 പാട്ടരങ്ങ്

### ലക്ഷ്യപ്രസ്താവനകൾ

താളം ഈണത്തിലാക്കി പാഠഭാഗത്തു നിന്നും മറ്റു സമാന കവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു. ഒറ്റയ്ക്കും സംഘമായും കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുന്നു. ആവിഷ്കരിക്കുകയും ചെയ്യുന്നു. ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ അനുസൃതമായി ചെയ്യാൻ കഴിയുന്നു. ഭാഷാപ്രവർത്തനങ്ങൾ സർഗ്ഗാത്മകവും സജീവവുമാക്കുന്നു.

### പ്രവർത്തന പടികൾ

പാട്ടരങ്ങിന്റെ ലക്ഷ്യങ്ങൾ പ്രവർത്തനങ്ങളും എന്നിവ SRGയിൽ ചർച്ച (ജൂൺ ആദ്യ വാരം)
പാട്ടരങ്ങ് ഏകദിന ശില്പശാല സംഘടിപ്പിക്കുന്നു. (ആഗസ്റ്റ്)
കുട്ടികളെ പങ്കാളികളാക്കി പാട്ടരങ്ങ് അവതരിപ്പിക്കൽ സെപ്തംബർ മുതൽ എല്ലാ മാസ ആഘോഷവും ബാലസഭയിൽ
ചുമതല ക്ലാസ് ടീച്ചർ, രക്ഷിതാവ്, സാമ്പത്തികം BRC (RS:1000)

## 6 ചിത്രപുസ്തകം

### ലക്ഷ്യപ്രസ്താവനകൾ

രണ്ടാം ക്ലാസിലെ മുഴുവൻ പാഠഭാഗങ്ങളും ചിത്രപുസ്തക രൂപത്തിൽ അവതരിപ്പിക്കുന്നതിലൂടെ പ്രായോഗിക ധാരണ നേടുന്നു.
എല്ലാ കുട്ടികൾക്കും ചിത്രപുസ്തകം വർക്ക് ബുക്കുകൾ ലഭ്യമാക്കുന്നു.
കുട്ടികൾ സ്വന്തം രചനകളും വായനക്കാരുമായി മാറുന്നു.
പ്രവർത്തനങ്ങളിൽ പരിസരപഠനം, ഗണിതം, കലാകായിക പ്രവൃത്തി പരിചയം ഉൾപ്പെടെ സാധ്യത ഉറപ്പുവരുത്തുന്നു.

### പ്രവർത്തന പടികൾ

കഴിഞ്ഞ വർഷം അവതരിപ്പിച്ച ചിത്രപാഠഭാഗങ്ങൾ മെച്ചപ്പെടുത്തുന്നു. (ജൂൺ)
വർക്ക് ബുക്ക് രൂപത്തിലാക്കിയ ചിത്ര ബുക്കുകൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നു. (ജൂൺ)
ഏകദിന രക്ഷാകർതൃ ശില്പശാല സംഘടിപ്പിക്കുന്നു. (ആദ്യ 3 ദിവസങ്ങൾ) (ജൂൺ)
ചിത്രബുക്കുകൾ അവതരിപ്പിക്കൽ (മാർച്ച്) ഭാഷോത്സവത്തിൽ ചുമതല ക്ലാസ് ടീച്ചർ, രക്ഷിതാവ്
സാമ്പത്തികം :- CPTA (RS:5000)

13. ഗണിത കിറ്റ് - ജൂൺ - മാർച്ച്
14. പതിപ്പുകൾ - ഓരോ മാസവും ഓരോന്ന്.
15. ലാപ്പ് ബുക്ക്ലെറ്റ് - ഓരോ മാസവും ഓരോന്ന്.
16. പഠനക്കിറ്റ് - ജൂൺ - മാർച്ച്.
17. കുട്ടികൾക്ക് ശില്പശാല ജൂൺ
18. വിജ്ഞാന സ്പർശം ജൂൺ - മാർച്ച്

1 **ലക്ഷ്യം 3** ജി. എൽ. പി. എസ്, പൊങ്ങാമൂട് 2025 - 2026 എ ഡിവിഷനിൽ പഠിക്കുന്നു
അധ്യയന വർഷം 7 കുട്ടികൾ. രണ്ടാം ക്ലാസ് [illegible] കുട്ടികൾക്കും ഉയർന്ന പഠനനിലവാരം
ഒന്നിൽ നിന്നും രണ്ടിലേക്ക് വന്ന മുഴുവൻ കുട്ടികൾക്കും [illegible]
ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി ആസൂത്രിതമായ പരിപാടികൾ ആവിഷ്കരിച്ച് നടപ്പി-
ലാക്കേണ്ടത് ആവശ്യമാണ്. പൊതു വിദ്യാഭ്യാസ വകുപ്പ് പദ്ധതിയുടെ ഭാഗമായി ഈ വിദ്യാല-
യത്തിലെ സമഗ്ര ഗുണമേന്മ പദ്ധതിയുടെ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്
ത്തിലെ രണ്ടാം ക്ലാസിലെ [illegible] വേണ്ടിയാണ്.
കുട്ടികളിൽ മികച്ച മാറ്റം ഉണ്ടാക്കുന്നതിന് വേണ്ടിയാണ്.

3

## 2. വർണ്ണ കലണ്ടർ

ക്രമ നമ്പർ - പരിപാടിയുടെ പേര്-
1. വർണ്ണ കലണ്ടർ - മെയ്, ജൂൺ
2. മധുരം മലയാളം (മലയാള മധുരം) ജൂൺ - മാർച്ച്.
3. സംയുക്ത ഡയറി - ജൂൺ - മാർച്ച്
4. പാട്ടരങ്ങ് - ജൂൺ - മാർച്ച്
5. സചിത്ര പുസ്തകം - ജൂൺ - മാർച്ച്.
6. ദിവസേന തിയേറ്റർ - ജൂലൈ - മാർച്ച്
7. നാട്ടു വിശേഷം കൂട്ടെഴുത്ത് - ജൂലൈ - മാർച്ച്.
8. ക്ലാസ് പത്രം - ഓഗസ്റ്റ് മുതൽ മാസം തോറും ഒന്ന് വീതം.
9. വായനോത്സവം - ജൂലൈ മുതൽ ഫെബ്രുവരി വരെ
10. വായനോത്സവം - ജൂൺ - മാർച്ച്
11. ഭാഷോത്സവം - ജനുവരി.
12. ഗണിത കേളികൾ - ജൂൺ - മാർച്ച്.
13. ഗണിത കിറ്റ്
14. പതിപ്പുകൾ - ഓരോ മാസവും ഓരോന്ന്.
15. ലാപ്പ് ബുക്ക്ലെറ്റ് - ഓരോ മാസവും ഓരോന്ന് വീതം.

## 7 റീഡേഴ്സ് തിയറ്റർ

**ലക്ഷ്യ പ്രസ്താവനകൾ**

രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും റീഡേഴ്സ് തിയറ്റർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു

രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും റീഡേഴ്സ് തിയറ്റർ പ്രവർത്തനങ്ങൾ ചെയ്യുന്നതിലൂടെ മികച്ച വായനക്കാരായി മാറുന്നു.

പാഠപുസ്തകങ്ങളിലെയും ലഘുവായ സാഹിത്യ കൃതികളിലെയും സന്ദർഭങ്ങളെ റീഡേഴ്സ് തിയറ്ററിന്റെ ഭാഗമായി അവതരിപ്പിക്കുന്നു.

ക്ലാസിലെ പഠന മുന്നേറ്റത്തിന് സംഗീതം, കാവ്യവായന, ഭാവാത്മക വായന തുടങ്ങിയ സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നു.

**പ്രവർത്തന ഘട്ടങ്ങൾ**

SRG യിൽ ആസൂത്രണം പങ്കിടൽ (ജൂൺ)
CPTA യിൽ ആസൂത്രണം പങ്കിടൽ പിന്തുണ ഉറപ്പാക്കൽ (ജൂൺ മൂന്നാം വാരം)
ഏകദിന റീഡേഴ്സ് തിയറ്റർ ശില്പശാല (ജൂലൈ)
എല്ലാ കുട്ടികളെയും പങ്കാളികളാക്കി പാഠഭാഗങ്ങൾ തിരഞ്ഞെടുത്ത
തിരഞ്ഞെടുത്ത ലഘുവായ സാഹിത്യ കൃതികൾ എന്നിവ റീഡേഴ്സ് തിയറ്റർ സങ്കേതം ഉപയോഗിച്ച് അവതരിപ്പിക്കുന്നു. (ജൂലൈ-മാർച്ച്)
മികച്ചത് ബാലസഭയിൽ (എല്ലാ മാസവും)
പഠനോത്സവത്തിൽ മികച്ചത് അവതരണം. (ഫെബ്രുവരി)
സാമ്പത്തികം - BRC (Rs1000)
ചുമതല - ക്ലാസ് ടീച്ചർ,



## 8 മാതൃവിദ്യാലയം കൂട്ടുണ്ട്

**ലക്ഷ്യ പ്രസ്താവനകൾ**

* പരിസര പഠനത്തിലൂടെ ഭാഷാ പഠന സാധ്യതകൾ തേടുന്നു.
* പ്രകൃതി നിരീക്ഷണത്തിലൂടെ കണ്ടെത്തിയ ആശയങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിയുന്നു.
* നിരീക്ഷണം മുതൽ പരീക്ഷണം വരെയുള്ള പ്രക്രിയാശേഷികൾ ഉറപ്പുവരുത്തി ക്ലാസ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.
* മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്നു.
* പാഠപുസ്തകങ്ങളിലെ ആശയങ്ങൾക്കനുസൃതമായി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ കഴിയുന്നു.

**പ്രവർത്തനഘട്ടങ്ങൾ**

SRG യിൽ അവതരണം (ജൂൺ) പ്രകൃതി നടത്തം. (ജൂൺ)
പാഠഭാഗത്തിനനുയോജ്യമായി പ്രകൃതി പഠന സാധ്യതകൾ കണ്ടെത്തി ആസൂത്രണം (ജൂലൈ – മാർച്ച്)
ചുമതല: ക്ലാസ് ടീച്ചർ, CPTA, SRG.
സാമ്പത്തികം :- CPTA, BRC (R. 1000)

## 9 ക്ലാസ് പത്രം

പഠന ലക്ഷ്യങ്ങൾ

* ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കുന്നു
* രചനാശേഷി പരിപോഷിപ്പിക്കുന്നു.
* വ്യത്യസ്ത പഠനതന്ത്രങ്ങളിലൂടെ ഭാഷാപഠനം സാധ്യമാക്കുന്നു.
* സ്കൂളിലെ ദൈനംദിന പ്രവർത്തനങ്ങൾ (അനുഭവങ്ങൾ ശേഖരിച്ച് തെരഞ്ഞെടുത്ത) ഭാഷയിൽ എഴുതുന്നു.
* അനുഭവങ്ങൾ വാർത്താ രൂപത്തിൽ തലക്കെട്ട് ചേർത്ത് എഴുതാൻ കഴിയുന്നു.

പ്രവർത്തനഘട്ടങ്ങൾ

ക്ലാസ് പത്രം ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും SRG യിൽ അവതരിപ്പിക്കുന്നു. (ജൂലൈ അവസാനം)

CPTA യിൽ പദ്ധതി അവതരിപ്പിക്കുന്നു; പിന്തുണ ഉറപ്പാക്കുന്നു. (ജൂലൈ അവസാനം)

തയ്യാറാക്കലുകളുടെ അവതരണം (ജൂലൈ–മാർച്ച്)

പതിപ്പ് തയ്യാറാക്കൽ, പതിപ്പുകളുടെ പ്രദർശനം രചനോത്സവത്തിൽ, മികച്ചത് ഭാഷോത്സവത്തിൽ അവതരണം (ജനുവരി) ചുമതല :- ക്ലാസ് ടീച്ചർ.

സാമ്പത്തികം PTA (Rs 1000/-)



## 10 - രചനോത്സവം

പഠന ലക്ഷ്യങ്ങൾ

* എല്ലാ കുട്ടികളും രചനാപ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നു.
* രചനാപ്രവർത്തനങ്ങളിൽ വൈവിധ്യങ്ങളായ പഠനതന്ത്രങ്ങൾ ഉപയോഗിക്കുന്നു.
* കൃത്യമായ ഇടവേളകളിൽ ക്ലാസ് തല രചനാപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

പ്രവർത്തനങ്ങൾ

SRG യിൽ അംഗീകാരം വാങ്ങുന്നു. (ജൂൺ രണ്ടാം വാരം)

CPT യിൽ പിന്തുണ ഉറപ്പാക്കുന്നു. (ജൂൺ അവസാനം)

പ്രതിമാസ രചനോത്സവം (ജൂലൈ – ഫെബ്രുവരി).

രചനോത്സവത്തിന്റെ ഭാഗമായുള്ള രചനകൾ പ്രസിദ്ധീകരിക്കൽ (മാർച്ച്)

ചുമതല: ക്ലാസ് ടീച്ചർ സാമ്പത്തികം - CPTA, BRC (Rs-2000)

## 11 - വായനോത്സവം

പഠനലക്ഷ്യങ്ങൾ

* എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കി മാറ്റുന്നു.
* കുട്ടികളിൽ വായനാശീലം വളർത്തുന്നു.
* ലൈബ്രറി പ്രയോജനപ്പെടുത്തുന്നു.
* വായനാക്കുറിപ്പ് തയ്യാറാക്കുന്നു.

പ്രവർത്തനങ്ങൾ

SRG യിൽ പ്ലാൻ ചെയ്യുന്നു ജൂൺ 3-ാം വാരം.
CPTA യിൽ ചർച്ച ചെയ്യുന്നത് രക്ഷിതാക്കളെയും പങ്കാളികളാക്കുന്നു. പിന്തുണ ഉറപ്പാക്കുന്നു. (ജൂലൈ 2-ാം വാരം)
ഓരോ ക്ലാസിലും വായനോത്സവം നടപ്പാക്കുന്നു.
അമ്മവായന (ജൂലൈ – മാർച്ച്)
ചുമതലകൾ:- ക്ലാസ് ടീച്ചർ, രക്ഷിതാവ് സാമ്പത്തികം CPTA, BRC (5000/-)

## 12. ഭാഷോത്സവം

പഠനലക്ഷ്യങ്ങൾ

* ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരമൊരുക്കുന്നു.
* കുട്ടികളുടെ സ്വന്തം രചനയ്ക്ക് സാധ്യത ഒരുക്കുന്നു.
* കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനു മുമ്പിൽ അവതരിപ്പിക്കുന്നു.
* ആശയങ്ങളെ/അനുഭവങ്ങളെ വിവിധ വ്യവഹാര രൂപങ്ങളിലൂടെ പ്രകടിപ്പിക്കാൻ കഴിയുന്നു.

* പ്രവർത്തനപദ്ധതികൾ

ഭാഷോത്സവം SRG യിൽ ആസൂത്രണം ചെയ്യുന്നു. PTA കൂടെ പിന്തുണ ഉറപ്പാക്കുന്നു. പ്രാദേശിക കലാ സാഹിത്യകാരന്മാരുടെ സഹകരണം ഉറപ്പാക്കുന്നു. ഭാഷോത്സവത്തിന്റെ ഭാഗമായി അവതരിപ്പിക്കേണ്ട മികവുകൾ ലിസ്റ്റ് ചെയ്യുന്നു.

ഉദ്ഘാടനത്തിനുള്ള മുന്നൊരുക്കങ്ങൾ ചെയ്യുന്നു. ജനപ്രതിനിധികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നു. ചുമതല ക്ലാസ് ടീച്ചർ, CPTA, BRC
സാമ്പത്തികം : SRG, CPTA (Rs 3000/-)

## 13 ഗണിതകേളികൾ

പഠനലക്ഷ്യങ്ങൾ

* കുട്ടികൾക്ക് ഗണിത കളികളിൽ താല്പര്യമുണ്ടാകുന്നു.
* ഗണിതപഠനത്തിൽ താല്പര്യമുണ്ടാകുന്നു.
* യുക്തിബോധം വളർത്തുന്നു.

പ്രവർത്തനങ്ങൾ

വ്യത്യസ്തമായ LO ക്ക് അനുയോജ്യമായ ഗണിത കേളികളിൽ ഏർപ്പെടുന്നു.
കൂട്ടുകാരെ കണ്ടെത്താം (സങ്കലനം)
ഭാഗിക്കാം കളികൾ (വ്യവകലനം)
ബോൾ കളി (ഗുണനം)
കാലാവധി – ജൂൺ–മാർച്ച്
ചുമതലകൾ:– ക്ലാസ് ടീച്ചർ, SRG. സാമ്പത്തികം CPTA SSK (RS. 2000)

## 14 ഗണിതകിറ്റ്

ELPS മുതലേ ഗണിത ശേഷികൾ എളുപ്പത്തിലും രസകരമായും ഗണിതം അനായാസമാക്കുന്നതിന്.

പഠന പ്രവർത്തനങ്ങൾ

10 ന്റെ കെട്ടുകൾ – ഐസ്ക്രീം സ്റ്റിക്ക്, പ്ലാസ്റ്റിക്കുപ്പി, സ്ട്രോ, മുത്തുകൾ ഉപയോഗപ്പെടുത്തി അക്കങ്ങൾ, കളിനോട്ടുകൾ, ചിത്രങ്ങൾ എന്നിവ അടങ്ങിയ കിറ്റുകൾ.
എല്ലാ കുട്ടികൾക്കും.
കാലയളവ് ജൂൺ – മാർച്ച്.
ചുമതലകൾ :– ടീച്ചർ, രക്ഷിതാവ്, സാമ്പത്തികം PTA, SSK (Rs5000)

## 15 പരീക്ഷണങ്ങൾ

പഠന ലക്ഷ്യങ്ങൾ

- ശാസ്ത്ര പഠനം അനുഭവവേദ്യമാക്കുന്നു.
- അവ പരീക്ഷിച്ച് നിഗമനത്തിലെത്താൻ കുട്ടി സ്വയം പ്രാപ്തനാകുന്നു.
- വ്യത്യസ്ത ഉപകരണങ്ങൾ സൂക്ഷ്മത, കൃത്യത, പാലിച്ച് കൊണ്ട് കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുന്നു.
- യുക്തിചിന്ത വളർത്തുന്നു.

പ്രവർത്തനങ്ങൾ

പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ സ്വയം ചെയ്യുന്നതിനും പുതിയവ രൂപകൽപന ചെയ്യുന്നതിനും കഴിയുന്നു.
കാലയളവ് – ജൂൺ–ഫെബ്രുവരി.
ചുമതലകൾ:– ക്ലാസ് ടീച്ചർ, CPTA, സാമ്പത്തികം SSK, PTA, (Rs 5000)



## 16 ലഘു പ്രോജക്ട്

പഠന ലക്ഷ്യങ്ങൾ

▲ കുട്ടികളിൽ ശാസ്ത്രചിന്തയും യുക്തിചിന്തയും വളർത്തുക.

പ്രവർത്തനങ്ങൾ

● കുട്ടികൾ നേരിടുന്ന പഠന പ്രശ്നങ്ങളെ ശാസ്ത്രീയമായി വിശകലനം ചെയ്ത് നിരീക്ഷണം, താരതമ്യം, വർഗീകരണം, അപഗ്രഥനം എന്നീ ഘട്ടങ്ങളിലൂടെ നിഗമനത്തിലെത്തുവാൻ പ്രാപ്തരാക്കുന്നു.

● നേരിടുന്ന പ്രശ്നങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്യുന്നു

കാലയളവ് ജൂൺ– മാർച്ച്.
സാമ്പത്തികം PTA SSK.(Rs1000)
ചുമതലകൾ :– ക്ലാസ് ടീച്ചർ, SRG, PTA,

## 17 പരീക്ഷണക്കിറ്റ്

പഠനലക്ഷ്യങ്ങൾ

- എല്ലാകുട്ടികളും ശാസ്ത്ര പരീക്ഷണങ്ങൾ സ്വന്തമായി ചെയ്യുന്നതിന്.
- വ്യത്യസ്തമായ ഉപകരണങ്ങൾ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുന്നു
- ശാസ്ത്രപഠനത്തിൽ ആത്മവിശ്വാസം വളർത്തുക.

പഠന പ്രവർത്തനങ്ങൾ:–

▲ എല്ലാ കുട്ടികൾക്കും പരീക്ഷണം ചെയ്യാനുള്ള ഒരു കിറ്റ് സ്വന്തമായി

ശേഖരിക്കുന്നു.
പാഠഭാഗത്തിൽ വരുന്ന വ്യത്യസ്തമായ പരീക്ഷണങ്ങൾ ചെയ്യാനുള്ള ഒരുക്കിക്ക് സ്വന്തമായി ശേഖരിക്കുന്നു.
പാഠഭാഗത്തിൽ വരുന്ന വ്യത്യസ്തമായ പരീക്ഷണങ്ങൾ പരീക്ഷണകിറ്റുകൾ ഉപയോഗിച്ച് ഓരോരുത്തരും ചെയ്യുന്നു.
കാലയളവ് – ജൂൺ – മാർച്ച്.

ചുമതലകൾ

ക്ലാസ് ടീച്ചർ, SRG, PTA. സാമ്പത്തികം CPTA, SSK (2000/-)

## 18 രക്ഷിതാക്കൾക്ക് ശില്പശാല

ലക്ഷ്യങ്ങൾ

- പഠനത്തിൽ കുട്ടികളെ ഫലപ്രദമായി സഹായിക്കുക
- പാഠഭാഗങ്ങളും പഠന വസ്തുക്കളും സ്വയം തിരിച്ചറിഞ്ഞ് സ്വന്തം കുട്ടികളുടെ പഠനത്തിൽ സഹായിക്കുക.

പ്രവർത്തനങ്ങൾ

പാഠഭാഗത്തിൽ വരുന്ന വ്യത്യസ്തമായ പ്രവർത്തനങ്ങൾ ചെയ്യേണ്ട വിധവും സംഖ്യാരേഖ, സ്ഥാനിക മൂല്യം, ഗണിതകിറ്റ്, ശാസ്ത്രകിറ്റ് എന്നിവ ഉപയോഗിക്കുന്ന വിധം രക്ഷിതാക്കൾക്ക് അവബോധമുണ്ടാക്കുന്നു. കാലയളവ്, ജൂലൈ, ഒക്ടോബർ, ജനുവരി, ചുമതലകൾ:- SRG HM, ക്ലാസ് ടീച്ചർ. സാമ്പത്തികം:- SSK, PTA. (8000/-)



## 19 വിജയ സ്പർശം

ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളെയും എഴുത്തിലും വായനയിലും പ്രാപ്തരാക്കുക.
- നിത്യജീവിതവുമായി ബന്ധപ്പെട്ട ഗണിതക്രിയകൾ ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുക.

പ്രവർത്തനങ്ങൾ

സ്കൂൾ സമയത്തിന് പുറമെയുള്ള സമയം കണ്ടെത്തി പ്രയാസം നേരിടുന്ന കുട്ടികളെ ആവശ്യമായ കൈത്താങ്ങ് നൽകുക.
വർക്ക്ഷീറ്റുകളും പ്രവർത്തിച്ച് പഠിക്കാനുതകുന്ന മറ്റ് സാധനങ്ങളും പഠനത്തിനായി ഉപയോഗിക്കുന്നു.
ക്ലാസ്സിൽ കുട്ടികളുടെ പഠനത്തിന് മുൻതൂക്കം നൽകുന്നു.
കാലയളവ് ജൂൺ – ഫെബ്രുവരി
ചുമതലകൾ:- ക്ലാസ് ടീച്ചർ, SRG സാമ്പത്തികം:- PTA, SSK (5000/-)

English

Aims:—

* Comprehend and enjoy simple stories.
* Respond to the instructions of teacher and give answers accordingly.
* Read and write simple words and sentences.
* Enjoy simple rhyms and add more times to them.
* Engage in theatre games and language games following instructions.
* Use simple English while answering interactive questions.
* Describe the picture in simple and meaningful sentences.
* Read and write simple words and sentences.
* Enjoy and comprehend simple stories.
* Know the relevant grammatical terms according to the chapter.
* Recite/sing songs or poems with people rhythm and actions.

Activities:—

* Recite the poems rhythemically and with action.
* Listen to simple stories and try to express the theme and characters
* Engage in different word games and language games.

Period — June to March., August — March, Incharge: class Teacher.
II June — March — Class Teacher, HM, other Teachers.

| Activities | | |
|---|---|---|
| * Read and describe the picture orally and fill the sentences with simple words. | June-March | Class teachers, |
| * Complete the grammer exercise given in workbook and enjoy the language as a fun. | June-March | Parents. |
| * Participate in active interaction and reply in simple English. | June-March. | Class teacher, |
| * Language in simple conversation with the help of Tr. | June-March | |
| * Write short descriptions about the given top. | December March. | Class Teacher other Teachers class-teacher and HM. class teacher, Parents. |

# G.L.P.S PENGAMUCK

## അക്കാദമിക മാസ്റ്റർ പ്ലാൻ

2025 - 2026

ക്ലാസ് - 3

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ക്ലാസ്സ് - III

### ആമുഖം

മൂന്നാം ക്ലാസ്സിലെ കുട്ടികളുടെ സമഗ്രവികസനമാണ് ഓരോരക്ഷിതാവും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത്, വായന മറ്റ് അക്കാദമികപരമായ നേട്ടങ്ങൾ എന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും, മാനസികവും, വൈകാരികവുമായ നേട്ടങ്ങൾ കൈവരിക്കുന്നതിനാവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. ഈ വർഷം ജൂൺ മുതൽ അടുത്ത വർഷം മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർപ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കുട്ടികളുടെ സജീവമായ പങ്കാളിത്തവും, സഹകരണവും ഉറപ്പു വരുത്തുന്നുണ്ട്. ആവശ്യമായ കൂട്ടിച്ചേർക്കലുകൾ, തിരുത്തലുകൾ എന്നിവയ്ക്കും സാധ്യതയുള്ള പദ്ധതികളും, പ്രവർത്തനങ്ങളുമാണ് ഇതിലൂടെ നടപ്പിലാക്കു-

STANDARD -III 2025-2026

## മലയാളം മാസ്റ്റർ പ്ലാൻ

### ആമുഖം

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയാണ് നമ്മൾ വിഭാവനം ചെയ്യുന്നത്. ഇത് പ്രകാരം കുട്ടികളുടെ സമഗ്രവികസനമാണ് എല്ലാവരും ലക്ഷ്യമിടുന്നത്. കുട്ടികളുടെ ശാരീരികവും, മാനസികവും, വൈജ്ഞാനികവുമായ നേട്ടങ്ങൾ കൈവരിക്കുന്നതിന് ആവശ്യമായ ഇടപെടലുകളാണ് നാം ലക്ഷ്യമിടുന്നത്. ഈ വർഷം ജൂൺ മുതൽ അടുത്ത മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും വിവിധ സാധ്യതകളുള്ളതുമായ പദ്ധതികളാണ് ഇവിടെ ആസൂത്രണം ചെയ്യുന്നത്.

### ലക്ഷ്യങ്ങൾ

* ക്ലാസിലെ മുഴുവൻ കുട്ടികളെയും തെറ്റില്ലാതെ വായിക്കുവാനും, എഴുതുവാനും പഠിപ്പിക്കൽ [ഗണിതപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ
* സംഘ പ്രവർത്തനങ്ങളിൽ ചേർന്ന് ജനാധിപത്യ മൂല്യങ്ങൾ സ്വാംശീകരിക്കും അവ ജീവിത സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കും.
* കവിതകളും, പാട്ടുകളും ആശയവ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കും.

* രചനകൾ ഭാവാത്മകമായി വായിക്കും.
* അനുയോജ്യ ഭാഷാ ഘടകങ്ങൾ (ശൈലി, കവിത, നാടൻ പാട്ട്, കടങ്കഥ...) പ്രയോഗങ്ങളും പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യും.
* എഴുതാനുള്ള സർഗ്ഗാത്മക രചനകൾ നടത്തും
* കഥകളും, കവിതകളും മറ്റും നാടകം, പാവനാടകം ചിത്രീകരണം തുടങ്ങിയ രീതികളിൽ ആവിഷ്കരിക്കും.
* ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി അവതരിപ്പിക്കും.

## മലയാളം 3

| ലക്ഷ്യം | പ്രവർത്തനം | പ്രതീക്ഷിത കാലയളവ് | ചുമതല |
|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ<br>പ്രീടെസ്റ്റ് നടത്തി വിവിധ നിലവാരത്തെ കണ്ടെത്തുന്നു.<br>റീഡേഴ്സ് തിയേറ്റർ ക്ലാസ്‌വായനകൾ | ജൂൺ - മാർച്ച് | SRG<br>ക്ലാസ്ടീച്ചർ |
| വായനാശേഷി വളർത്തൽ | ക്ലാസ് ലൈബ്രറി ഒരുക്കൽ<br>പുസ്തക പരിചയം<br>ചങ്ങലവായന<br>വായനാക്കുറിപ്പ്<br>ആനുകാലികവായന<br>ഭാവാത്മക വായന | ജൂൺ - മാർച്ച് | HM<br>SRG<br>ക്ലാസ് ടീച്ചർ<br>CPTA |
| എഴുത്ത് പരിപോഷിപ്പിക്കൽ | സർഗ്ഗാത്മക ഡയറി എഴുത്ത്<br>പാഠഭാഗങ്ങളിൽ നിന്നും, പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | ജൂൺ - മാർച്ച് | SRG<br>ക്ലാസ്ടീച്ചർ<br>CPTA |

| ലക്ഷ്യം | പ്രവർത്തനം | പ്രതീക്ഷിത കാലയളവ് | ചുമതല |
|---|---|---|---|
| നാടൻപാട്ടുകൾ, വായ്ത്താരികൾ എന്നിവ ചൊല്ലിയും, അവയിലടങ്ങിയിരിക്കുന്ന താളം തിരിച്ചറിയുന്നതിന് | നാടൻ പാട്ടുകൾ, വായ്ത്താരികൾ എന്നിവ ചൊല്ലുന്നു. വരികൾ കൂട്ടിച്ചേർക്കുന്നു. | ജൂലൈ | ക്ലാസ് ടീച്ചർ |
| അറിവ് ICTയിലൂടെ | പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ | ഓഗസ്റ്റ് | ക്ലാസ് ടീച്ചർ |
| ഭാഷാ പഠനത്തിന്റെ ഭാഗമായി [illegible] കുട്ടികൾക്ക് അന്യമായ വിദ്യാലയങ്ങളെ [illegible] | കല അവതരണം, കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ പരിചയപ്പെടൽ | വർഷത്തിലൊന്ന് | PTA. |

4

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാഹിത്യപ്രതിഭകളെ ഉൾക്കൊള്ളിയാം | 1. കവികളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം. | ജൂൺ | അധ്യാപകർ SMC | SMC |
| | 2. പുസ്തക ശേഖരണവും പ്രദർശനവും. | ജൂൺ ഡിസംബർ | അധ്യാപകർ SMC | SMC |
| വായനാ പരിപോഷണം | 1. പൊതുജനങ്ങളുമായി ബന്ധപ്പെട്ട് പുസ്തക ശേഖരണം | നവംബർ | വായനശാല | ക്ലബ് |
| | 2. വായനാക്കളരി | ഓഗസ്റ്റ് | SMC SRG | SMC SRG |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം സംഘടിപ്പിക്കൽ ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം എത്തുന്നത് വരെ | SRG ക്ലാസ് ടീച്ചർ | വായനശാല PTA ഫണ്ട് |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും, പത്രവാർത്തകളിൽ നിന്നും [illegible] ശേഖരിക്കൽ | പ്രതിമാസം [വർഷം മുഴുവനും | SRG ക്ലാസ് ടീച്ചർ | PTA. |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഉചിതമായ വ്യവഹാര രൂപങ്ങളിലൂടെ ലേഖന മികവ് | 1 ലഘു രചനകളിലേക്ക് നയിക്കുന്ന രചനാ ക്ലാസുകൾ<br>2 ലഘു പതിപ്പുകൾ തയ്യാറാക്കൽ | ഒക്ടോബർ<br>നവംബർ<br>ഡിസംബർ | SRG<br>SMC<br>കുട്ടികൾ<br>മദർപിടിഎ [illegible] | മദർപിടിഎ |
| സർഗാത്മകതയെ തട്ടിയുണർത്താം | 1 രചനാ ശില്പശാല, കഥ, കവിത രചനകൾക്കുള്ള വേദിയൊരുക്കൽ | ഡിസംബർ<br>ജനുവരി | SMC<br>അധ്യാപകർ<br>കുട്ടികൾ<br>പ്രമുഖ വ്യക്തികൾ | SRG<br>SMC |



# ENGLISH MASTER PLAN

Aim: To speak read and write English without mistakes

* To study Alphabets
* create more oppertunities for English speaking in the classroom.

| Aim | Activity | Time | Responsible Person | Economic Analysis |
|---|---|---|---|---|
| To check the vocabulary and writing skill of pupils. | Pretest, Games, action songs, conversations Picture discription etc.. | June - March | SRG class teacher | SSA |
| Devlope the creative speaking and writing | Books reading, findwords, Rhyming words, make word web, wordchain etc.. Add more lines | August-September | classteacher | PTA |
| To express thoughts, feelings etc... | Conversation, Skit, Stories, Devlope story, Read notice. | October & November | Classteacher | PTA |

| Aim | Activity | Time | Responsible Person | Economic Analysis |
|---|---|---|---|---|
| Develope the Creative speaking and writing | Devlepe story, library books reading, conversation, skit, stories use ICT etc. | December and January | classteacher SRG | SSA |
| To improve the presentation power [Reading skills] | library books reading conversation, skit, Develop story, Dairywriting descriptions, Thoughts exhibitions etc... | February & March | classteacher SRG | SSA |



## ഗണിതം മാസ്റ്റർ പ്ലാൻ

**ആമുഖം:**

ഇന്ന്, രണ്ട് ക്ലാസിലെ അറിവുകൾ സ്വായത്തമാക്കി വ്യക്തമായ ധാരണയോടുകൂടി കുട്ടികൾ [illegible] അവർ III rd std ൽ എത്തിയിരിക്കുന്നത്. അവരിൽ അന്തർലീനമായിരിക്കുന്ന [illegible] പ്രവർത്തനങ്ങൾ തന്നെയാണ് കൂടുതൽ സ്വയം ഒരുക്കിയിരിക്കുന്നത്. ഗണിത വിഷയത്തിന് പ്രാധാന്യം നൽകുന്ന [illegible] ചോദ്യങ്ങളും കുട്ടികളിൽ ഉണ്ടാക്കും [illegible] വിദ്യാഭ്യാസം ഉറപ്പാക്കാൻ ഈ [illegible] അത്യാവശ്യമാണ്

**ലക്ഷ്യങ്ങൾ**

* എല്ലാ കുട്ടികൾക്കും 1 മുതൽ 1000 വരെയുള്ള സംഖ്യകൾ എഴുതാനുള്ള ശേഷികൾ ഉറപ്പിക്കുന്നു.
* ഗണിതം പഠനം ഉല്ലാസപ്രദവും, താല്പര്യകരവുമായി എല്ലാ കുട്ടികൾക്കും ഗണിതശേഷികൾ ഉറപ്പാക്കുക.
* സംഖ്യകളുടെ വ്യാഖ്യാനിക്കാനുള്ള ശേഷികൾ ഉറപ്പിക്കൽ
* ഉയർന്ന കുട്ടികൾക്കും [illegible] ശേഷിയുള്ളവരാക്കി മാറ്റുക. [illegible] ഉറപ്പിക്കുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിഭജനം. |
|---|---|---|---|---|
| സംഖ്യാബോധം - രസകരമായ പ്രവർ- ത്തനങ്ങളിലൂടെ | സംഖ്യാകാർഡുകൾ, സംഖ്യാചക്രം, ജ്ഞാനവിന്റെ ഗുപ്ത കാർഡുകൾ എന്നിവ ഉപയോഗിച്ച് കൊണ്ടുള്ള പ്രവർത്തനങ്ങൾ, ഗണിത വിജ്ഞാന കളികൾ, കലണ്ടർ എന്നിവ ഉപയോഗിച്ചുള്ള കളികൾ. | ജൂൺ- ജൂലൈ | ക്ലാസ്ടീച്ചർ | SSA |
| ചതുഷ്ക്രിയകൾ ഉപയോഗിച്ചുള്ള പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുക. | വിവിധക്രിയകൾ അടങ്ങിയ ചാർട്ട് പ്രദർശിപ്പിക്കുന്നു. നമ്പറുകൾ എടുക്കുന്നു. ക്രിയ സംഖ്യകൾ [illegible] ചെയ്ത് സംഖ്യാചാർട്ടിൽ നിന്നും ഉത്തരം കണ്ടെത്തുന്നു. | ആഗസ്റ്റ്-സെപ്റ്റംബർ | ക്ലാസ്ടീച്ചർ SRG | PTA |



| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിഭജനം |
|---|---|---|---|---|
| ജ്യാമിതീയരൂപങ്ങൾ തിരിച്ചറിയാം. | രസകരമായി ഗണിതപഠനവും നിർമ്മാണ പ്രവർത്തനങ്ങളുടെ അനുഭവങ്ങളും, ജ്യാമിതി രൂപങ്ങൾ നിർമ്മിക്കൽ പ്രദർശിപ്പിക്കൽ | ഒക്ടോബർ | SRG PTA | SSA |
| ഗണിതം ലളിതമാക്കാം കളികളിലൂടെ | മാജിക് ഷോ ഗണിതോത്സവം | ജനുവരി | SRG ക്ലാസ് ടീച്ചർ | SSA |
| ഗണിതപഠനം രസകരമാക്കൽ ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ അനുഭവിച്ചും - നടത്താൻ [illegible] (ഗണിതം [illegible] പാമ്പും ചതുരക്കളി) സങ്കലനം - വ്യവകലനം കച്ചവടക്കളി | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | PTA |

# പരിസര പഠനം - മാസ്റ്റർ പ്ലാൻ

**ആമുഖം :**

കുട്ടികളിൽ അന്തർലീനമായിരിക്കുന്ന വ്യക്തിഗത പ്രവർത്തനങ്ങളിൽ നിന്നെയാണ് ഇതുവരെ സാധ്യത ഒരുക്കേണ്ടത്. പരിസരപഠനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്ന പ്രവർത്തനങ്ങൾ കണ്ടെത്തേണ്ടതുണ്ട്. പഠിക്കുന്ന നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് കുട്ടികളിൽ ശാസ്ത്രീയ മനോഭാവം വളർത്തേണ്ടത് നമ്മുടെ കടമയാണ്. സഹജീവി സ്നേഹം, അറിവ്, ആർദ്രത, സഹിഷ്ണുത, അനുകമ്പ, ദയ എന്നിങ്ങനെയുള്ള മനോഭാവങ്ങൾ വളർത്തി കുട്ടികളെ ഉത്തമപൗരൻമാരാക്കി മാറ്റുക എന്നതാണ് നമ്മുടെ ലക്ഷ്യം.

**ലക്ഷ്യം:**

* പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക
* കുട്ടികളെ വ്യക്തിശുചിത്വവും പരിസരശുചിത്വവും ഉള്ളവരാക്കി മാറ്റുക
* ശാസ്ത്രക്രിയകളിൽ അഭിരുചിയും താൽപര്യവും വളർത്തുക
* പഠിക്കുന്ന നിരീക്ഷണ പ്രവർത്തനങ്ങളിലേർപ്പെട്ട് ശാസ്ത്രീയ മനോഭാവം വളർത്തുക

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| പരിസ്ഥിതിയെയും, ചുറ്റുപാടിനെയും മനസ്സിലാക്കൽ സംരക്ഷിക്കൽ | പ്രകൃതി നടത്തം. ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കൽ പ്രത്യേകതകൾ മനസ്സിലാക്കൽ ആവാസ വ്യവസ്ഥ മനസ്സിലാക്കൽ പച്ചക്കറിത്തോട്ട നിർമ്മാണം പരിപാലനം | ജൂൺ-ജൂലായ് | ക്ലാസ് ടീച്ചർ SRG | PTA |
| വ്യക്തി ശുചിത്വം, പരിസര ശുചിത്വം എന്നിവ ശ്രദ്ധിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടൽ | വ്യക്തി ശുചിത്വം, ക്ലാസ്റൂം, പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു. നല്ലശീല പോസ്റ്ററുകൾ തയ്യാറാക്കുന്നു പരിസരങ്ങളിൽ പതിക്കുന്നു. | ജൂലായ് - സെപ്റ്റംബർ | ക്ലാസ് ടീച്ചർ SRG. | SSG |
| ശാസ്ത്രകൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടു | ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. | ജനുവരി - മാർച്ച് | ക്ലാസ് ടീച്ചർ | SSG |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ശാസ്ത്രാവബോധം വളർത്തുക | കണ്ടെത്താം, അറിയാം ലഘുപരീക്ഷണങ്ങൾ കണ്ടെത്തുന്നു- കുറിപ്പ് തയ്യാറാക്കൽ | ജൂൺ, ജൂലൈ ആഗസ്റ്റ് | ക്ലാസ് ടീച്ചർ SRG | SSG |
| പ്രകൃതി വിഭവ സംരക്ഷണം | ജൈവ- വൈവിധ്യ പാർക്ക്, തടയണ മഴക്കുഴി നിർമ്മാണം, ജലസ്രോതസ്സുകൾ പരിസ്ഥിതി സംരക്ഷണപ്രവർത്തനങ്ങളിലെ പങ്കാളിത്തം | ജൂലൈ ഡിസംബർ | ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | ശാസ്ത്രപ്രതിഭകളെ അടുത്തറിയാം പരീക്ഷണം വീട്ടിനകത്തും ശാസ്ത്ര മാസികകൾ | ജനുവരി - മാർച്ച് | ക്ലാസ് ടീച്ചർ SRG | SSG. |

# GLPS PEGAMUCK

## CLASS 4

## ACADEMIC MASTER PLAN

## 2025-2026

ലക്ഷ്യം:-

നാലാം ക്ലാസിലെ വിദ്യാർത്ഥികൾക്ക് ഭാഷയിലും ഗണിതത്തിലും പരിസര പഠനത്തിലും സമഗ്രവും ആസ്വാദ്യകരവുമായ പഠനം ഉറപ്പാക്കുക. ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുക. സമഗ്രഗുണമേന്മാവിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും സാധ്യമാക്കുക.

പൊതുലക്ഷ്യങ്ങൾ:-

* കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയുമുള്ള പഠനം.
* സർഗ്ഗാത്മകതയ്ക്കും സ്വയം പഠനത്തിനും പ്രാധാന്യം.
* സാമൂഹികവും പാരിസ്ഥിതികവുമായ അവബോധം വളർത്തൽ.
* സാങ്കേതികവിദ്യയുടെ ഫലപ്രദമായ ഉപയോഗം.
* കുടുംബത്തിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക.

| ഭാഷ<br>ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ട് കൊണ്ടു വരൽ. | ലക്ഷ്യം നേടുന്നതുവരെ | SRG ക്ലാസ് ടീച്ചർ | ക്ലാസ്ടീച്ചർ |
| അവശ്യമായ പഠനസാമഗ്രികൾ ഒരുക്കൽ | ഓരോ പഠനപ്രവർത്തനങ്ങൾക്കും അനുയോജ്യമായ പഠനസാമഗ്രികൾ ശേഖരിക്കൽ, നിർമിക്കൽ. | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | ക്ലാസ്ടീച്ചർ |
| വായനശേഷി വളർത്തൽ | ക്ലാസ് വായന, ക്ലാസ് ലൈബ്രറി ശേഖരങ്ങൾ പുസ്തകപരിചയം | ജൂൺ - മാർച്ച് | HM, SRG, ക്ലാസ് ടീച്ചർ | PTA ക്ലാസ്ടീച്ചർ |
| എഴുത്ത് പരിപോഷിപ്പിക്കൽ. | വായനക്കുറിപ്പ്, രചനാപരിചയക്കുറിപ്പ്, പുസ്തകപരിചയക്കുറിപ്പ് എന്നിവ തയ്യാറാക്കൽ | വർഷം മുഴുവൻ | SRG ക്ലാസ്ടീച്ചർ | ക്ലാസ്ടീച്ചർ PTA |
| സാഹിത്യകാരന്മാരെ അറിയൽ | ഓർമദിനങ്ങളുടെ ആചരണം രചനകൾ പരിചയപ്പെടുത്തൽ. | ആവശ്യാനുസരണം | SRG ക്ലാസ് ടീച്ചർ | |

②

അറിവ് ICT യി...
ലൂടെ

സാഹിത്യം,
സാഹിത്യകാര...
പരിചയ...

ഭാഷാപഠന...
ന്റെ ഭാഗമാ...
നേടിയ ശേഷി...
ആത്മവിശ്വാസ...
വെളിപ്പെടുത്ത...

| | | | | |
|---|---|---|---|---|
| അറിവ് ICTയി ലൂടെ | പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | - |
| സാഹിത്യം, സാഹിത്യകാരന്മാർ പരിചയം | സാഹിത്യകാരന്മാരുടെ ജന്മ - ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ, ഡോക്യുമെന്ററി പ്രദർശനം, പുസ്തകപരിചയം, ക്വിസ്, ചുമർപത്രികാ നിർമ്മാണങ്ങൾ, ജീവിതരേഖ തയ്യാറാക്കൽ, ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൽ, പതിപ്പ് നിർമ്മാണം, പ്രദർശനം. | ആവശ്യാനുസരണം. | HM<br>SRG<br>ക്ലാസ്ടീച്ചർ | |
| ആഘോഷങ്ങളുടെ ഒരു ഭാഗമായി നേരിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ. | സർഗോത്സവം<br>കലാവതരണം<br>സർഗശേഷികളുടെ അവതരണം. | കലോത്സവം<br>CPTA യിൽ | SRG<br>ക്ലാസ്ടീച്ചർ | PTA |

| | | | |
|---|---|---|---|
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതാനും ശേഷി മെച്ചപ്പെടുത്തൽ | ഇംഗ്ലീഷ് അസംബ്ലി | ആഴ്ചയിൽ ഒരുദിവസം | ക്ലാസ്ടീച്ചർ SRG |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | ഇംഗ്ലീഷ് ഡയറി<br>നിത്യവും വീട്ടിലും വിദ്യാലയത്തിലും നടന്നിട്ടുള്ള പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറിക്കുറിപ്പായി എഴുതൽ. | ആഴ്ചയിൽ | ക്ലാസ്ടീച്ചർ |
| സർഗാത്മകതാപര/ പ്രഭാഷണം, ആശയശേഷി വികസനം. | ഇംഗ്ലീഷ് തിയേറ്റർ<br>ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാരരൂപങ്ങളാക്കി അവതരിപ്പിക്കൽ. (Skit, Drama, Conversation, Story telling) | അവസരോചിതം | ക്ലാസ്ടീച്ചർ |
| | ഇംഗ്ലീഷ് ഗെയിംസ് | ഉച്ചസമയം/ ഒഴിവുവേളകൾ | ക്ലാസ്ടീച്ചർ |

| | | | | |
|---|---|---|---|---|
| വായനാപരിപോഷണം. | ഇംഗ്ലീഷ് കോർണർ<br>കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനമൂല ഒരുക്കൽ, വായനാവേള ഒരുക്കൽ, വായനാക്കുറിപ്പ്, പുസ്തകപരിചയം. | രണ്ടാഴ്ചയിൽ ഒന്ന് | | |
| ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ. | ഇംഗ്ലീഷ് ഫെസ്റ്റ്<br>വായനാ മത്സരം, രചനാ മത്സരം, മറ്റ് സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം. | വർഷത്തിലൊന്ന്. | SRG, ക്ലാസ് ടീച്ചർ | PTA |

ഗണിതം :-

| | |
|---|---|
| ചതുഷ്ക്രിയകൾ ലളിതമാക്കൽ | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | |
| ഗണിതശേഷികളുടെ പ്രകടനം | |

| | |
|---|---|
| SRG, ക്ലാസ് ടീച്ചർ | PTA |



ഗണിതം:

| | | | | |
|---|---|---|---|---|
| ചതുഷ്ക്രിയകൾ ലളിതമാക്കൽ | വിവിധതരം കളികൾ അനുരൂപണം ചെയ്യൽ, നടപ്പാക്കൽ മൂല്യനിർണയം - (പകിടകളിയും പാമ്പും, ഡയസ്കളി, സംഖ്യാവ്യാപനം തുടങ്ങി.) കണക്കുപെട്ടി ഓരോ കുട്ടിക്കും സജ്ജീകരിക്കൽ. ആവശ്യമായ ഗണിതപഠനോപകരണങ്ങൾ ഒരുക്കൽ | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം ആസ്വാദ്യകരമാക്കൽ | പഠനോപകരണനിർമാണ ശില്പശാല | | SRG ക്ലാസ് ടീച്ചർ | PTA |
| ഗണിതശാസ്ത്രമേളകളിലൂടെ പ്രോത്സാഹനം | ഗണിതമേള, പ്രശ്നോത്തരി, പസിൽ, പാറ്റേൺ, പഠന ഉൽപന്നങ്ങളുടെ പ്രദർശനം. | വർഷത്തിലൊന്ന് | SRG ക്ലാസ് ടീച്ചർ | SSA, PTA |

പരിസരപഠനം:-

| | | | | |
|---|---|---|---|---|
| നിരീക്ഷണം, അറിവ് നിർമ്മാണം. | പ്രകൃതിനടത്തം, പാഠഭാഗവുമായി ബന്ധപ്പെട്ട വീഡിയോ ക്ലിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | CPTA, ക്ലാസ്ടീച്ചർ, SRG | PTA |
| ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്രമേള. ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ ലോകത്തുള്ള ശാസ്ത്ര പ്രദർശനം. | വർഷം മുഴുവൻ | SRG, ക്ലാസ്ടീച്ചർ | PTA |
| ഭൂപട വായന, ഭൂപട രചന സൂചികാ നിർമ്മാണം, സൂചിക പരിചയപ്പെടൽ. | ഭൂപടമെത്തിക്കൽ. കേരളം, ഇന്ത്യ ഭൂപട വായന | വർഷത്തിലൊന്ന് | SRG, ക്ലാസ്ടീച്ചർ | |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്രവിസ്മയച്ചുമർ, ശാസ്ത്രവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ. | ആവശ്യാനുസരണം | SRG, ക്ലാസ്ടീച്ചർ | PTA |

| | | | | |
|---|---|---|---|---|
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ശാസ്ത്രോത്സവം പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം. (പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം.) | വർഷത്തിലൊരിക്കൽ | HM, SRG, ക്ലാസ് ടീച്ചർ | PTA |
| അറിവുകളുടെ രചന | ശാസ്ത്രമാസിക ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകൾ ഉൾപ്പെടുത്തി ശാസ്ത്രമാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | SRG, ക്ലാസ്ടീച്ചർ | PTA |